**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 67** **04-10-2021 - ൽ മറുപടിയ്ക്ക്**

**എടച്ചേരി പഞ്ചായത്തിലെ ബോട്ട് ജെട്ടി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമ പഞ്ചായത്തിൽ മാഹിപ്പുഴയുടെ വശങ്ങളിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് അനുവദിച്ച ബോട്ട് ജെട്ടി നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിൽ മാഹിപുഴയുടെ കരയിൽ കച്ചേരി, കായപ്പനച്ചി എന്നീ സ്ഥലങ്ങളിൽ ബോട്ട് ജെട്ടിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയെങ്കിലും തീരദേശ പരിപാലന നിയമം (CRZ) അനുസരിച്ചുള്ള അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ ടെണ്ടർ ചെയ്തിട്ടില്ല. |
| (ബി) | ബോട്ട് ജെട്ടികൾ ഉൾപ്പെടെ പുഴകളിലെ സർക്കാർ നിർമ്മാണങ്ങൾക്ക് തീരദേശ വികസന പരിപാലന മാനേജ്മെന്റിന്റെ പ്രത്യേക അനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | തീരദേശ പരിപാലന മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | തീരദേശ പരിപാലന നിയമം ദുർവ്യാഖ്യാനം ചെയ്ത് സർക്കാർ പദ്ധതികൾക്ക് തടസ്സം നിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | തീരദേശ പരിപാലന നിയമം ദുർവ്യാഖ്യാനം ചെയ്ത് സർക്കാർ പദ്ധതികൾക്ക് തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ